# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.518** **04.02.2020-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാന ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധനവ്</u>**

| | ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വിശദമാക്കുമോ; | (എ) | 18.12.2019 ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 01.03.2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമാവുകയും, നിലവിൽ 30/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ കടുത്ത വിയോജിപ്പ് മറികടന്നാണ് കൗൺസിൽ ഈ തീരുമാനം കൈക്കൊണ്ടത്. കൗൺസിലിൽ നടന്ന വോട്ടെടുപ്പിൽ നമ്മുടെ നിലപാടിനെ പിന്തുണയ്ക്കും എന്ന് കരുതിയ സംസ്ഥാനങ്ങൾ പിന്തുണയ്ക്കാതിരുന്ന സാഹചര്യത്തിൽ കൂടിയാണ് പ്രയാസകരമായ ഈ സ്ഥിതി |

| | | | |
|---|---|---|---|
| | | | ഉണ്ടായത്. |
| (ബി) | ഇപ്രകാരം വില വർദ്ധിപ്പിക്കുന്നതിലൂടെ തൊഴിലാളികൾക്ക് നൽകുന്ന കമ്മീഷനിലും വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | തൊഴിലാളികൾക്ക് ലഭിച്ചു വന്ന വരുമാനത്തിൽ കുറവുണ്ടാകാത്ത വിധമാണ് ഘടന ക്രമീകരിച്ചിട്ടുള്ളത്. |
| (സി) | സർക്കാർ ലോട്ടറികൾക്കും സ്വകാര്യ ലോട്ടറികൾക്കും ഒരേ പോലെ 28 ശതമാനം ജി.എസ്.ടി. നിരക്ക് നിശ്ചയിക്കണമെന്ന ജി.എസ്.ടി. ഉപസമിതി ശുപാർശ ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 35-ാമത് ജി.എസ്.ടി. കൗൺസിലിൽ കേരള ധനകാര്യ മന്ത്രി നികുതി ഏകീകരണത്തിൽ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ കൗൺസിലിൽ ആദ്യമായി വോട്ടെടുപ്പ് നടത്തി പാസ്സാക്കിയ വിഷയമാണ് ലോട്ടറിയുടെ നികുതി ഏകീകരണം, ഇപ്രകാരം നടന്ന വോട്ടെടുപ്പിന്റെ ഫലമായാണ് ഏകീകൃത നികുതിയായി ജി.എസ്.ടി ഘടനയിലെ ഉയർന്ന നികുതി നിരക്കായ 28% ഏർപ്പെടുത്തിയത്. |
| (ഡി) | ഈ തീരുമാനം സംസ്ഥാന ലോട്ടറിയെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ തീരുമാനം നടപ്പാക്കുകവഴി അന്യ സംസ്ഥാന ലോട്ടറിയെ സഹായിക്കാൻ വേണ്ടി മാത്രമുള്ളതാണെന്ന നമ്മുടെ നിലപാട് കൗൺസിലിൽ ശക്തമായി ഉന്നയിച്ചു. നമ്മുടെ നിലപാടിനെ പിന്തുണയ്ക്കേണ്ട സംസ്ഥാനങ്ങൾ തന്നെ അതിനു തയ്യാറാകാത്ത സ്ഥിതി വന്നു. ഉയർന്ന നിരക്കിൽ നികുതി ഏർപ്പെടുത്തിയ സാഹചര്യത്തിൽ ലാഭ വിഹിതത്തിൽ കുറവ് സംഭവിക്കും. ലോട്ടറിയുടെ വില നിശ്ചയിക്കുന്നതിൽ നികുതി കൂടാതെ ലാഭ വിഹിതം, ഇതര വരുമാന ചിലവുകൾ എന്നീ ഘടകങ്ങളെ ആസ്പദമാക്കിയായതിനാൽ വിൽപ്പന വിലയിൽ വർദ്ധനവ് അനുഭവപ്പെട്ടേക്കാം. GST 28% ആയി ഏകീകരിച്ചതു വഴി സംസ്ഥാന സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുന്നുണ്ട്. എന്നാൽ നികുതി കൂട്ടിയതു |

| | | | |
|---|---|---|---|
| | | | കൊണ്ട് മാത്രം ഇതര സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്തിനകത്തേക്ക് യഥേഷ്ടം കടന്നു വരും എന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം സർക്കാർ അതിശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെട്ടു ത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ